**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2658

09/05/2017 – ൽ മറുപടിക്ക്

**ജൻ ഔഷധി സ്റ്റോറുകളും ജനറിക് മരുന്നുകളുടെ വിതരണവും**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) ജനറിക് മരുന്നുകൾ വിലകുറച്ചു വിതരണം ചെയ്യുവാനുദ്ദേശിച്ചു കൊണ്ട് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; | (എ) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജെൻ ഔഷധിയെ സംബന്ധിച്ചുള്ള അറിയിപ്പ് കുടുംബശ്രീ നൽകിയിട്ടുണ്ട്. ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതിന് 8 ഗ്രാമ പഞ്ചായത്തുകളും 4 നഗരസഭകളും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ബ്യൂറോ ഓഫ് പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യയുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളതും ടി സ്ഥാപനങ്ങളിൽ ഈ സാമ്പത്തിക വർഷം തന്നെ ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതുമാണ് |
| (ബി) എല്ലാ ഗ്രാമപഞ്ചായത്തു കേന്ദ്രങ്ങളിലും ജൻ ഔഷധി സ്റ്റോറുകൾ നടപ്പ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) ഗ്രാമപഞ്ചായത്തുകൾ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ